സംവിധാനം സാംസ്കാരികനയത്തിന്റെ മുഖ്യലക്ഷ്യമാണ്. ഈ നയം ആദ്യം കരടുരൂപത്തിൽ പ്രസിദ്ധീകൃതമായി. പിന്നീട് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും എം.എൽ.എ.മാരുടെ യോഗത്തിലും ചർച്ച ചെയ്തു എല്ലാ നിർദ്ദേശങ്ങളും വീണ്ടും മന്ത്രിസഭായോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ചു. അത്യധികം സന്തോഷത്തോടെ കേരള സർക്കാരിന്റെ പുതിയ സാംസ്കാരികരേഖ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, ഇന്നത്തെ അജണ്ടയിൽ വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, ഭവന നിർമ്മാണം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ വർഷം ഈ ഗവൺമെന്റിന് ഒരു സാംസ്കാരിക നയമുണ്ടായിരുന്നു. വർഷംതോറും മാറുന്നതാണോ സാംസ്കാരികനയം? ബഹുമാനപ്പെട്ട മന്ത്രിയുടെ നയം മാറുമായിരിക്കാം. ഈ നാടിന്റെ സാംസ്കാരികനയം വർഷംതോറും മാറുന്നതല്ല. ഇന്ന് ഞങ്ങളൊക്കെ ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളാണ്. ഞങ്ങൾ ഏത് സാംസ്കാരിക നയത്തെ സംബന്ധിച്ചാണ് സംസാരിക്കേണ്ടത്? കഴിഞ്ഞ വർഷത്തെ സാംസ്കാരിക നയത്തെ സംബന്ധിച്ച് പറഞ്ഞാൽ ഞങ്ങളുടെ പുതിയ നയം ഇന്ന് അവതരിപ്പിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. ഈ നടപടിക്രമം ശരിയാണോ?

മി. സ്പീക്കർ : ഇത് സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്നതാണ്. പക്ഷെ നടപടിക്രമം അനുസരിച്ച് സ്ട്രിക്ട് ആയിട്ട് നോക്കിയാൽ ശരിയാണെന്നുള്ള അഭിപ്രായം ചെയറിനില്ല. റൂൾ 300 സ്റ്റേറ്റുമെന്റായിട്ട് പരിഗണിക്കണ്ട, മേശപ്പുറത്തു വച്ചതായിട്ട് പരിഗണിച്ചാൽമതി. ആ രൂപത്തിൽ ഇന്നത്തെ ചർച്ചയ്ക്കുകൂടി സഹായകരമായിട്ട്.....

ശ്രീ. ജി. കാർത്തികേയൻ : അങ്ങയുടെ റൂളിംഗ് അംഗീകരിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, കാളിംഗ് അറ്റൻഷൻ നോട്ടീസ് തരുമ്പോൾ "ഡിമാന്റ് ഡിസ്കഷനാണെങ്കിൽ വേണ്ട, വേറൊരു ദിവസമാകട്ടെ"യെന്ന് അങ്ങ് ഞങ്ങളോട് പറയാറുണ്ട്. എല്ലാ കാര്യങ്ങളിലും അങ്ങനെ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

IV. സബ്മിഷൻ

(1) ചാലക്കുടിപ്പാലം ഗതാഗതയോഗ്യമാക്കണമെന്നത് സംബന്ധിച്ച്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : രോഗം വന്നിട്ട് ചികിൽസിക്കുന്നതിനെക്കാൾ ഭേദം രോഗം വരാതെ സൂക്ഷിക്കുന്നതാണ് നല്ലതെന്ന് ഞാൻ കേട്ടിട്ടുണ്ട്. ആ ഒരു അറിവിന്റെ വെളിച്ചത്തിൽക്കൂടിയാണ് അവസാനം ശ്രീ. അബ്ദുറഹിമാൻ ഹാജിയും ശ്രീ. മാമ്മൻ മത്തായിയും ശ്രീ. ജോണി നെല്ലൂരും ഒക്കെ ഒപ്പിട്ട് നാളെ കേരളത്തിന്റെ വ്യാവസായിക മേഖലയെ സ്തംഭിപ്പിക്കുന്ന, പൊതുവെ ജീവിതത്തെ വല്ലാതെ ബാധിക്കുന്ന ഒരു പ്രശ്നം അടിയന്തിരമായി ഈ സഭയുടെ മുന്നിൽ കൊണ്ടുവന്ന് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്ത് പരിഹാരം കാണുമെന്ന പ്രതീക്ഷയോടെയാണ് നോട്ടീസ് കൊടുത്തത്. അങ്ങയുടെ റൂളിംഗിനെ മാനിക്കുന്നു. അടിയന്തിരപ്രമേയാവതരണത്തിന് അങ്ങയുടെ അനുമതി ലഭിച്ചില്ല. ചോറു കിട്ടിയില്ല. ഇല മാത്രമേ കിട്ടിയുള്ളൂ. അതിൽ ദുഃഖമുണ്ട്. ഇന്ന് മലയാള മനോരമ പത്രത്തിൽ ലോക്കൽ പേജിൽ അല്ല, കേരളം ഒട്ടുക്കു വരുന്ന ആ പേജിൽ തന്നെ 'കണ്ടെയിനറുകൾ തിരിച്ചു വിടുന്നു, വ്യവസായമേഖലയിൽ ആശങ്ക'

LIBRARY ARCHIVES Kerala Legislative Assembly

എന്ന തലക്കെട്ടിൽ ഒരു വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഴയ അറബിക്കട ലിലെ റാണി, കൊച്ചിയെ വ്യാവസായിക തലസ്ഥാനമായിട്ടാണ് സങ്കൽപ്പിച്ചി രിക്കുന്നത്. ആലുവ, ഏലൂർ വ്യാവസായ മേഖലയെ ആകെ ബാധിക്കുന്നു, കൊച്ചിൻ പോർട്ടിന് വല്ലാതെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു, കൊച്ചിൻ റിഫൈന റിയെ കഷ്ടത്തിലാക്കുന്നു ഇങ്ങനെ ഒരു വല്ലാത്ത പരിതഃസ്ഥിതി ഇവിടെ സംജാതമായിട്ടുണ്ട്. ചാലക്കുടി പാലത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടു ത്തിയതുകൊണ്ടുതന്നെ കണ്ടെയിനറുകളും മറ്റും പോകാനായിട്ട് ഗതാഗതനി യന്ത്രണം വരുത്തി റൂട്ടുകൾ തിരിച്ചുവിട്ടിട്ടുണ്ട്. എറണാകുളത്തുനിന്നും വരുന്ന വാഹനം പറവൂർ കൊടുങ്ങല്ലൂർ വഴി കറങ്ങിപ്പോകണം. തൃശ്ശൂരിൽ നിന്നും വരുന്ന വാഹനങ്ങൾ ആളൂർ, അഷ്ടമിച്ചിറ, വൈറ്റില, അത്താണി വഴി യൊക്കെ പോകണം. ഈ റോഡുകൾ ഇത്രയധികം വാഹനങ്ങളെ താങ്ങാ നുള്ള കപ്പാസിറ്റിയോടുകൂടി നിർമ്മിച്ചിട്ടുള്ളതല്ല. ഈ റോഡുകളിൽ കലുങ്ങു കളും പാലങ്ങളുമുണ്ട്. വാഹനങ്ങൾ ഇങ്ങനെ റീ-റൂട്ട് ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് അങ്ങേയറ്റം ബുദ്ധിമുട്ടുണ്ട്. കേരളത്തിന്റെ സമ്പദ് വ്യവ സ്ഥയെ ബാധിക്കുന്നതാണ് ഈ വ്യവസായമേഖലയിൽ വരുന്ന സ്തംഭനം എന്നുള്ളത് മാത്രമല്ല ഇത് വലിയ ഒരു പ്രശ്നവുമാണ്. ഇത് കയറ്റിറക്കുമതി യെയും വിദേശനാണ്യത്തേയും സാരമായി ബാധിക്കും. അതുകൂടാതെ ഈ വാഹനങ്ങൾ ഇങ്ങനെ റീ-റൂട്ട് ചെയ്യുന്നതുകൊണ്ട്, 'ചാലക്കുടിപ്പാലത്തിലെ ഗതാഗതം ആശങ്കയിലേക്ക്', 'ഒരു സ്വകാര്യ ബസ്സ് പുഴയിലേക്ക് മറിഞ്ഞു', 'വൈദ്യുതിലൈനുകൾ പൊട്ടിവീണു', 'വൻദുരന്തം ഒഴിവായി'. പത്രവാർത്തക ളുടെ തലക്കെട്ടുകൾ മാത്രമേ ഞാൻ വായിക്കുന്നുള്ളൂ. തൃശൂർ ഡിസ്ട്രി ക്ടിനെ സംബന്ധിച്ചിടത്തോളം വൈദ്യുതി ലൈൻ പൊട്ടി ഒരു ബസ്സിലെ മുഴു വൻ യാത്രക്കാരും മരിച്ചു വീണ ഒരു ദുരന്തത്തെക്കുറിച്ചുള്ള ഓർമ്മയുണ്ട്. വൈദ്യുതി ലൈനുകൾ തുരുതുരെ പൊട്ടി വീഴുകയാണ്. കണ്ടെയിനറുകൾ പോകാൻ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ലാത്ത വഴികളിൽ കൂടി കണ്ടെയിനറുകൾ പോകുമ്പോൾ ലൈനുകൾ പൊട്ടി വീഴുന്നത് പല സ്ഥലങ്ങളിലേക്കാണ്. ഇതി നകം അഞ്ചാറു സ്ഥലത്ത് ഒറ്റ ദിവസംകൊണ്ട് വൈദ്യുതി ലൈനുകൾ പൊട്ടി വീണു. 'ലോറി ഗതാഗതം നിരോധിച്ചു,' 'കൊടുങ്ങല്ലൂരിൽ വാഹന പ്രളയം', ട്രാഫിക് പോലീസ് ഇല്ല', 'ഗതാഗത നിയന്ത്രണം പൂർണ്ണമായില്ല'. ഫോട്ടോ ഗ്രാഫ് സഹിതമാണ് വാർത്തകൾ. വിവിധ തരത്തിൽപ്പെട്ട ബുദ്ധിമുട്ടുകളുടെ ഫോട്ടോഗ്രാഫുകൾ. 'തുറമുഖത്തേക്ക് ചരക്ക് നീക്കം തടസ്സപ്പെടുന്നു', 'ചാല ക്കുടി പാലത്തിൽ ഗതാഗത നിയന്ത്രണം നടക്കുന്നില്ല.' കൂടാതെ ചാലക്കുടി പാലത്തിൽ ഗതാഗത നിയന്ത്രണം വന്നതിന്റെ പേരിൽ റീ-റൂട്ട് ചെയ്തിരി ക്കുന്ന പാലങ്ങളിലെ ബുദ്ധിമുട്ടുകൾ. മാതൃഭൂമി, മനോരമ തുടങ്ങിയ പ്രമുഖ പത്രങ്ങൾ മുഖലേഖനങ്ങൾ എഴുതി. ദയവു ചെയ്ത് കേരളത്തെ രണ്ടായി മുറിച്ചു കളയുന്ന, തെക്കും വടക്കുമായി കേരളം മുറിഞ്ഞുപോകുന്ന ഈ പ്രശ്നത്തിന് അതർഹിക്കുന്ന പ്രാധാന്യം കൊടുക്കണമെന്നാണ് വിനയ പൂർവം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാതൃഭൂമിയും മനോരമയും എഡി റ്റോറിയൽ എഴുതിയത് ഇതിന്റെ അടിയന്തിരപ്രാധാന്യം വച്ചുകൊണ്ട് ദേശാഭി മാനി മറിച്ചു നോക്കുക. സകല പത്രങ്ങളിലും നിരന്തരമായി വന്നതാണ്. ഒരു ദിവസം മന്ത്രി അവിടെ വന്നു. കഴിഞ്ഞ വെള്ളിയാഴ്ച മന്ത്രി അവിടെ വരു മെന്ന് പറഞ്ഞതിന്റെ തൊട്ടു തലേദിവസം പാലത്തിന്റെ കുഴികളൊക്കെ അട ച്ചിടാൻവേണ്ടി ഒരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്ന് ഒരു റിപ്പെയറിംഗ് വർക്ക് നടത്തി. ശ്രീ. ഉമ്മൻചാണ്ടിയുടെ അടുത്ത ഒരു ബന്ധുവിന് ഒരു മരണാവശ്യ ത്തിന് പോകാൻ ചാലക്കുടിക്ക് ഇപ്പുറത്ത്നിന്ന് കാൽ നടയായി അപ്പുറത്ത്

LIBRARY ARCHIVES Kerala Legislative Assembly

പോയിട്ട് വേറെ വാഹനം പിടിച്ചു പോകേണ്ടിവന്നു. സതേൺ റീജിയന്റെ ചീഫ് എൻജിനീയർ കോൺട്രാക്ടറുമായിട്ട് ചർച്ചക്കു വച്ചിരിക്കുന്നത് 19-ാം തീയതിയാണ്. എത്രയും പെട്ടെന്ന് റിപ്പെയറിംഗ് വർക്ക് നടത്തി യുദ്ധകാലാടി സ്ഥാനത്തിൽ അടിയന്തിര പ്രാധാന്യത്തോടുകൂടി ഈ പ്രശ്നത്തിന് പരിഹാരം കണ്ട് കേരളത്തെ രക്ഷിക്കണമെന്ന് ഞാൻ അങ്ങയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ചാലക്കുടി പാലം അപകടത്തിലായ പരിതഃസ്ഥിതിയിൽ ഭാരമേറിയ വാഹനങ്ങൾ ആ പാലത്തിൽക്കൂടി ഓടിക്കാൻ കഴിയാത്ത പശ്ചാത്തലത്തിൽ ആ പാലത്തിന് തകരാറുണ്ടായിരിക്കുന്നുവെന്ന് വിദഗ്ദ്ധൻമാർ പരിശോധിച്ച് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇതല്ലാതെ വേറെ മറ്റ് എന്തു മാർഗ്ഗമാണുള്ളത്? ആ പാലം അടിയന്തിരമായി റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. ആ സമയത്ത് ഇനി ഒരു ദിവസംപോലും ഭാരമുള്ള വാഹനങ്ങൾ വിടരുതെന്ന് പറഞ്ഞപ്പോൾ അതിനുള്ള ക്രമീകരണങ്ങളും ചെയ്തു. ഞാൻ ഒരു ദിവസം അവിടെ പോയി. അവിടെ യാതൊരു വിധ ഗതാഗത തടസ്സങ്ങളും ഇല്ല. ഞാൻ പിറ്റേ ദിവസവും പോയി. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും ബന്ധപ്പെട്ട ആഫീസറുമായി ഇക്കാര്യത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒറ്റ വരിയ്ക്കാണെങ്കിലും വളരെ സുഗമമായി വാഹനങ്ങൾ പോയ്ക്കൊണ്ടിരിക്കുകയാണ്. തിരിച്ചു വിട്ട റോഡുകൾ വേണ്ടത്ര ബലം ഉള്ളതല്ല എന്നത് വസ്തുതയാണ്. ആലുവ ഭാഗത്തുനിന്നും തൃശൂരിലേക്ക് പോകുന്ന ലോറികൾ പറവൂർ കവലയിൽനിന്നും ഇടത്തോട്ട് തിരിഞ്ഞ്, പറവൂർ, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ആളൂർ വഴി കൊടകര നാഷണൽ ഹൈവേയിൽ പ്രവേശിക്കുന്നു. തൃശൂരിൽ നിന്നും ആലുവ-എറണാകുളത്തേക്കു പോകുന്ന ലോറികൾ നാഷണൽ ഹൈവേയിൽ പോട്ടയിൽ നിന്നും വലത്തോട്ടു തിരിഞ്ഞ് ആളൂർ, അഷ്ടമിച്ചിറ, അന്നമനട, മുഴിക്കുളം വഴി അത്താണി നാഷണൽ ഹൈവേയിൽ പ്രവേശിച്ച് മുന്നോട്ടു പോകുന്നു. ആ റോഡുകളിൽ ഈ പറഞ്ഞ നിലയിലുള്ള ഗതാഗത തടസ്സം ഇതുവരെ ഉണ്ടായിട്ടില്ല. ട്രാഫിക് പോലീസും, പോലീസും ഇതെല്ലാം ഭംഗിയായി നിർവഹിക്കുന്നുണ്ട്. ഇന്നലെ രാത്രിയും ഞാൻ രണ്ടു വശത്തുമുള്ള ഉദ്യോഗസ്ഥൻമാരുമായി സംസാരിച്ചു. ഒരു വാഹനം മുത്തകുന്നം ഭാഗത്തു താണതിന്റെ പേരിൽ കുറച്ചു സമയത്ത് ഒരു സ്തംഭനമുണ്ടായി. ഏറ്റവും വേഗം പാലം അടച്ചിട്ട് റിപ്പയർ ചെയ്യണമെന്ന് വിദഗ്ദ്ധ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ചാലക്കുടി ഭാഗത്തെ യാത്രക്കാരെ സംബന്ധിച്ച് ലൈറ്റ് വെഹിക്കിൾസും, ബസ്സും ഓടിക്കുന്നുണ്ട്, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത രീതിയിൽ ഇത് ഒറ്റ വരിയായി തുടരണം. കാരണം പാലത്തിന്റെ ഡെക്ക് മുകളിലേക്ക് ഉയർത്തിയിട്ടു മാത്രമേ അതിന്റെ ബെയറിംഗ് മാറ്റാൻ കഴിയുകയുള്ളൂ. അങ്ങനെ ചെയ്യുന്ന അവസരത്തിൽ അതിനു മുകളിൽക്കൂടി ഒരു താൽക്കാലിക സ്റ്റീൽ ബ്രിഡ്ജ് നിർമ്മിച്ച് ഈ പാലം അടച്ചിടാതെ ചെയ്യാൻ കഴിയുമോ എന്ന കാര്യം പരിഗണിച്ചു വരികയാണ്. കൺസ്ട്രക്ഷൻ കമ്പനി കൂടി അത് സമ്മതിക്കണം. അതിന്റെയെല്ലാ ചർച്ചകളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഏഴാഴ്ചകൊണ്ട് ഈ പണി തീർക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പാലത്തിന്റെ ഉപരിതലം പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നയവസരത്തിൽ അത് നന്നാക്കണ്ടേ? ഒരു ദിവസം അടച്ചിട്ടത് വലിയ ദ്രോഹമായിപ്പോയോ? ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി അതിലേ പോയപ്പോൾ ആ പാലം അടച്ചിട്ടിരിക്കുന്നു. ഇത് ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ പറഞ്ഞതാണ്. അടച്ചിട്ടല്ലാതെ അത് റിപ്പെയർ ചെയ്യാൻ പറ്റുമോ?

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഉപരിതലം ഭംഗിയായി ടാർ ചെയ്ത് യാത്ര സുഗമമാക്കാൻ വേണ്ടി യാണ് അങ്ങനെ ചെയ്തത്. അത് ചെയ്തതിനുശേഷം നമ്മൾ അതിലേ പോയല്ലോ? ഞാൻ കഴിഞ്ഞദിവസം അവിടെ പോയി കാര്യങ്ങൾ തൃപ്തികര മായ നിലയിൽ അറേഞ്ച് ചെയ്തിരിക്കുകയാണ്. ഇപ്പോഴാണ് നമുക്ക് ഒരു മോഡിഫിക്കേഷൻ വരുത്താൻ കഴിഞ്ഞത്, അത് ഒഴിവാക്കാൻ കഴിയുമോ? ആ വഴിക്കല്ലാതെ നമുക്ക് തിരിച്ചുവിടാൻ കഴിയുമോ? ഈ പാലത്തിൽകൂടി ഭാരമുള്ള വാഹനങ്ങൾ ഓടിച്ചാൽ 3,4,5 സ്പാനുകളിൽ ഉണ്ടാകുന്ന കുലുക്കം മൂലം പാലത്തിന് കേട്പാട് സംഭവിക്കാനിടയുണ്ട്. ആ സ്ഥിതിക്ക് പാലത്തി ലൂടെ വാഹനം ഓടിച്ചാൽ അതെല്ലാംകൂടി താഴെപ്പോയാൽ ആരാണ് ഉത്തര വാദി? നമുക്ക് അത് ചെയ്യാൻ കഴിയുമോ? അപ്പോൾ തിരിച്ചു വിടുകയല്ലാതെ വേറെ മാർഗ്ഗമില്ല. പരമാവധി ട്രാഫിക് കൺട്രോൾ ഏർപ്പെടുത്തിക്കൊണ്ട് ചെയ്യുക, റോഡുകൾക്ക് കേടുണ്ടായാൽ ഡിപ്പാർട്ടുമെന്റലായിട്ട് അപ്പപ്പോൾ വന്ന് റിപ്പെയർ ചെയ്യാനുള്ള നിർദ്ദേശങ്ങളും കൊടുത്തിരിക്കുകയാണ്. ഏറ്റവും വേഗം റിപ്പെയർ നടത്താനുള്ള നടപടികൾ എടുക്കുന്നതാണ്.

<u>മി. സ്പീക്കർ</u> : ഇക്കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുക.

അടുത്ത സബ്മിഷന് സർവ്വശ്രീ. ജി. കാർത്തകേയൻ, എൻ.ആർ. ബാലൻ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്. സബ്മിഷന് ആധാരമായ സംഭവം നടന്നത് കുന്നംകുളത്തും, സംഭവത്തിൽപ്പെട്ട വ്യക്തിയുടെ സ്വദേശം ആര്യനാടുമാണ്.

(2) ഹോംനഴ്സായിരുന്ന ബിന്ദുവിന്റെ ദുരൂഹമരണം

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഇവിടെ അവതരിപ്പിക്കുന്ന വിഷയം സംബന്ധിച്ച് കുന്നകുളം എം.എൽ.എ. ബഹുമാനപ്പെട്ട എൻ.ആർ. ബാലനുമാ യിട്ട് ഞാൻ ഇന്ന് സംസാരിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ നടന്ന സംഭ വമാണ്. എന്റെ നിയോജകമണ്ഡലത്തിലെ വിതുര പഞ്ചായത്തിൽ മണി തൂക്കി എന്ന ആദിവാസി മേഖലയിൽനിന്നും കുന്നംകുളത്തുള്ള 'ചാവക്കാട് നെറ്റ് വർക്ക് ഹോം നഴ്സിംഗ് കോർപ്പറേഷൻ' എന്ന സ്ഥാപനം മുഖേന കുന്നംകുളത്ത് ചെമ്മണ്ണൂർ റോയി എന്ന ആളിന്റെ വീട്ടിൽ ഹോം നഴ്സായി ബിന്ദു എന്ന 19 വയസ്സുള്ള ഒരു ആദിവാസി യുവതി ജോലിക്ക് നിന്നു. ജീവിതമാർഗ്ഗം തേടി അവിടെനിന്ന് കുന്നംകുളംവരെ പോയതാണ്. വീട്ടുടമ സ്ഥന്റെ ഭാഗത്തുനിന്നുണ്ടായ പീഡനത്തിൽ വേദനപ്പെട്ട് ഈ കുട്ടി ശരീര ത്തിൽ മണ്ണെണ്ണ ഒഴിച്ച് ആത്മഹത്യക്ക് ശ്രമിക്കുകയും തുടർന്ന് മരണപ്പെടു കയും ചെയ്തു. മരിക്കുന്നതിന് മുമ്പുള്ള മരണമൊഴി പോലീസ് രേഖപ്പെടു ത്തിയിട്ടുണ്ട്. ഇവിടത്തെ പ്രശ്നം, ഇത് ഒന്നാം തീയതി നടന്നതാണ്, ഒന്നാം തീയതി സംഭവം നടന്നിട്ട് ചെമ്മണ്ണൂരുള്ള റോയി എന്നുപറയുന്ന വ്യക്തി 6-ാം തീയതിയാണ് പോലീസിൽ നേരിട്ട് ഹാജരായി കീഴടങ്ങിയത്. ഇത്രയും ഗുരു തരമായ ഒരു കാര്യം നടന്നിട്ട് പോലീസ് അവരെ അറസ്റ്റു ചെയ്യുന്നതിന് മടി കാണിച്ചു എന്ന് ഞാൻ പറയുന്നില്ല. ഇനി ഒരു പ്രതിയെക്കൂടി കിട്ടാനുണ്ട്. ഇതുപോലെ ഒരു പശ്ചാത്തലം വേറെയുമുണ്ട്. രാജേന്ദ്രൻ കാണി എന്നുപറ യുന്ന ടെലികോമിലെ ഒരു ജീവനക്കാരന്റെ മരണത്തെക്കുറിച്ച് നിയമസഭയിൽ മുഖ്യമന്ത്രിക്കുവേണ്ടി അന്നത്തെ വിദ്യുച്ഛക്തിവകുപ്പുമന്ത്രി ശ്രീ. പിണറായി

LIBRARY ARCHIVES Kerala Legislative Assembly